# Malayala Manorama

# 28 August 2018

# Perumbavoor, After Flood, Rescue Operation



പ്രളയത്തിൽ രക്ഷകനായ ജോസ് തന്റെ വള്ളത്തിന്റെ അറ്റകുറ്റപ്പണിയിൽ.

## സ്വന്തം സ്ഥാപനം നോക്കിയില്ല; വള്ളമെടുത്തിറങ്ങി, ജോസ്

പെരുമ്പാവൂർ • ചേരാനല്ലൂർ ഉതുപ്പാൻ കവലയിൽ പൂണോളിൽ വീട്ടിൽ ജോസ് സ്വന്തമായൊരു വള്ളമുണ്ടാക്കിയപ്പോൾ പലരും നെറ്റിചുളിച്ചു. എന്നാൽ വെള്ളപ്പൊക്കത്തിൽ ആ വള്ളം 250 പേർക്കു രക്ഷകനായപ്പോൾ നാട്ടുകാർക്ക് അഭിനന്ദിക്കാൻ വാക്കുകളില്ല.

വീടിനോടു ചേർന്നു ഫർണിച്ചർ വർക്ഷോപ്പ് നടത്തുന്ന ജോസ് മീൻപിടിത്തത്തിൽ ഹരമുള്ളതിനാലാണു നാലുമാസം മുൻപു സ്വന്തമായി വള്ളമുണ്ടാക്കിയത്. മരപ്പണി വശമുള്ള ജോസ് വള്ളം നിർമിച്ചപ്പോൾ ഇതൊക്കെ വേണോയെന്നായിരുന്നു ചോദ്യം. നടുത്തുരുത്ത്, മങ്കുഴി, കൂടാലപ്പാട് പ്രദേശങ്ങളിലെ 250 പേരെയാണ് ഈ വള്ളത്തിൽ ദുരിതാശ്വാസ ക്യാംപിലെത്തിച്ചത്.

വീടുകളിലും കന്യാസ്ത്രീമഠങ്ങളിലും കുടുങ്ങിയവരെ ജോസും സുഹൃത്തുക്കളും കരയ്ക്കെത്തിച്ചു. ഏക വരുമാനമാർഗമായ ഫർണിച്ചർ വർക്ഷോപ്പ് സംരക്ഷിക്കാൻ പക്ഷേ ജോസ് മറന്നു. വർക്ഷോപ്പിൽ വെള്ളം കയറി തടിയും ഫർണിച്ചറും നശിച്ചു. വാർഡ് മെംബർ കൂടിയായ ഭാര്യ മിനി രക്ഷാപ്രവർത്തനത്തിനായി പോയതോടെ വീട്ടിലും വെള്ളം കയറി നാശമുണ്ടായി.